**മധുരമായ കുട്ടികളേ – അന്തർമുഖിയായി ജ്ഞാന സ്വരൂപ അവസ്ഥയിലിരുന്ന് ഈ മഹാവാക്യങ്ങളെ ധാരണ ചെയ്യൂ, അപ്പോഴേ അവനവന്റെയും മറ്റാത്മാക്കളുടെയും മംഗളം ചെയ്യുവാൻ സാധിക്കൂ, തന്റെ മനസ്സ് അഥവാ ഹൃദയമാകുന്ന ക്ഷേത്രത്തെ ഈശ്വരീയ ഗുണങ്ങളാകുന്ന മൂർത്തികളാൽ അലങ്കരിക്കൂ, പവിത്ര സങ്കല്പങ്ങളുടെ സുഗന്ധം വ്യാപിക്കൂ.**

**ചോദ്യം –** സർവ്വോത്തമ സത്യമായ സേവനം ഏതാണ്? യഥാർത്ഥ സേവനത്തിന്റെ സൂക്ഷ്മവും ഗുഹ്യവുമായ രഹസ്യമെന്താണ്?
**ഉത്തരം –** ആരിലെങ്കിലും നിന്ന് എപ്പോഴെങ്കിലും തെറ്റ് സംഭവിക്കുകയാണെങ്കിൽ അവർക്ക് ജാഗ്രത നൽകുന്നതോടൊപ്പം തന്നെ സൂക്ഷ്മ രീതിയിൽ തന്റെ യോഗശക്തി അവരിലേക്ക് എത്തിച്ച് അവരുടെ അശുദ്ധ സങ്കല്പങ്ങളെ ഭസ്മമാക്കണം. ഇതാണ് സർവ്വോത്തമ സത്യമായ സേവനം. അതിനോടൊപ്പം അവനവനിലും ശ്രദ്ധ നൽകണം, മനസാ ഒരു അശുദ്ധ സങ്കല്പം പോലും ഉത്പന്നമാകരുത്. ഈ കാര്യത്തിൽ സ്വയം കരുതലോടെയിരിക്കണം, മറ്റുള്ളവരെ പ്രതി ഇങ്ങനെയൊരു ദിവ്യമായ സേവനവും ചെയ്യണം, ഇതാണ് സേവനത്തിന്റെ സൂക്ഷ്മവും ഗുഹ്യവുമായ രഹസ്യം.

**ഓം ശാന്തി.** ഓരോ പുരുഷാർത്ഥി കുട്ടികൾക്കും തീർച്ചയായും അന്തർമുഖി അവസ്ഥ ധാരണ ചെയ്യണം. അന്തർമുഖതയിൽ വളരെയധികം മംഗളം അടങ്ങിയിട്ടുണ്ട്. ഈ അവസ്ഥയിലൂടെയാണ് അചഞ്ചലത, സ്ഥിരത, ക്ഷമ, വിനയചിത്തം തുടങ്ങിയ ദൈവീക ഗുണങ്ങളുടെ ധാരണയുണ്ടാകൂ. അതായത് സമ്പൂർണ്ണ ജ്ഞാനമയ അവസ്ഥ പ്രാപ്തമാക്കുവാൻ സാധിക്കൂ. അന്തർമുഖിയല്ലാത്തതിനാലാണ് സമ്പൂർണ്ണ ജ്ഞാനമയ അവസ്ഥ പ്രാപ്തമാക്കാത്തത്. എന്തുകൊണ്ടെന്നാൽ ഏതെല്ലാം മഹാവാക്യങ്ങളാണോ സന്മുഖത്ത് കേൾക്കുന്നത്, ആഴങ്ങളിലേക്ക് പോയി അതിനെ ഗ്രഹിക്കാതെ കേവലം കേട്ട് ആവർത്തിക്കുക മാത്രം ചെയ്യുകയാണെങ്കിൽ, ആ മഹാവാക്യങ്ങളും കേവലം വാക്യങ്ങൾ മാത്രമാകുന്നു. ജ്ഞാനസ്വരൂപ അവസ്ഥയിൽ ഇരുന്നുകൊണ്ട് മഹാവാക്യങ്ങൾ കേൾക്കാത്തതിനാൽ, ആ മഹാവാക്യങ്ങളിൽ മായയുടെ നിഴൽ പതിയുന്നു. അങ്ങനെ മായയുടെ അശുദ്ധ വൈബ്രേഷൻ കൊണ്ട് നിറഞ്ഞ മഹാവാക്യങ്ങൾ കേൾക്കുന്നതിലൂടെ, കേവലം ആവർത്തിക്കുന്നതിലൂടെ അവനവന്റെ മാത്രമല്ല മറ്റുള്ളവരുടെയും അമംഗളമാണ് സംഭവിക്കുന്നത്. അതിനാൽ അല്ലയോ കുട്ടികളേ, അന്തർമുഖിയാകൂ...
താങ്കളുടെ ഈ മനസ്സ് ക്ഷേത്രത്തിനു സമാനമാണ്, എങ്ങനെയാണോ ക്ഷേത്രത്തിൽ നിന്നും സദാ സുഗന്ധം മാത്രം വരുന്നത്, അതേപോലെ എപ്പോഴാണോ മനസ്സാകുന്ന ക്ഷേത്രം പവിത്രമാകുന്നത്, അപ്പോൾ പവിത്രമായ സങ്കല്പങ്ങൾ ഉത്പന്നമാകുന്നു. ക്ഷേത്രങ്ങളിൽ കേവലം പവിത്രമായ ദേവതകളുടെ ചിത്രങ്ങളാണ് വെക്കുന്നത്, അല്ലാതെ അസുരന്മാരുടേതല്ലല്ലോ. അതേപോലെ നിങ്ങൾ കുട്ടികളും തന്റെ ഹൃദയമാകുന്ന ക്ഷേത്രത്തിൽ ഈശ്വരീയ ഗുണങ്ങളാകുന്ന മൂർത്തികളാൽ അലങ്കരിക്കൂ. ആ ഗുണങ്ങളാണ് – നിർമ്മോഹം, നിർലോഭം, നിർഭയത, ക്ഷമ, നിരഹങ്കാരം.. ഇതെല്ലാം നിങ്ങളുടെ തന്നെ ദിവ്യ ലക്ഷണങ്ങളാണ്. താങ്കൾ കുട്ടികൾക്ക് തന്റെ മനസ്സാകുന്ന ക്ഷേത്രത്തെ ഉജ്ജ്വലമാക്കി മാറ്റണം അഥവാ സമ്പൂർണ്ണമായും ശുദ്ധമാക്കി മാറ്റണം. എപ്പോഴാണോ മനസ്സാകുന്ന ക്ഷേത്രം ഉജ്ജ്വലമാകുന്നത് അപ്പോഴേ തന്റെ പ്രിയപ്പെട്ട വൈകുണ്ഡ ദേശത്തേക്ക് പോകാൻ സാധിക്കൂ. അപ്പോൾ തന്റെ മനസ്സിനെ ഉജ്ജ്വലമാക്കി മാറ്റുവാൻ പ്രയത്നിക്കണം. മനസ്സ് സഹിതം വികാരി കർമ്മേന്ദ്രിയങ്ങള വശത്താക്കണം. അവനവന്റെ മാത്രമല്ല മറ്റുള്ളവരെ പ്രതിയും ഈ ദിവ്യമായ സേവനം ചെയ്യണം.
വാസ്തവത്തിൽ സേവനത്തിന്റെ അർത്ഥം അതിസൂക്ഷ്മമാണ്. മറ്റുള്ളവർ തെറ്റു ചെയ്യുമ്പോൾ അവർക്ക് താക്കീത് നൽകുന്നതു മാത്രമല്ല സേവനം. അവരിലേക്ക് സൂക്ഷ്മ രീതിയിൽ തന്റെ യോഗത്തിന്റെ ശക്തിയും എത്തിച്ച് അവരുടെ അശുദ്ധ സങ്കല്പങ്ങളെ ഭസ്മമാക്കണം, ഇതാണ് സർവ്വോത്തമ സത്യമായ സേവനം. അതോടൊപ്പം അവനവന്റെ മേലും ശ്രദ്ധ വെക്കണം. വാചാ കർമ്മണാ മാത്രമല്ല, അവരെ പ്രതി മനസാ പോലും എന്തെങ്കിലും അശുദ്ധ സങ്കല്പങ്ങൾ വരികയാണെങ്കിൽ അതിന്റെ വൈബ്രേഷൻ അവരിലേക്ക് പോയി, സൂക്ഷ്മ തലത്തിൽ അവരുടെ അമംഗളം ചെയ്യുന്നു. ഇതിന്റെ ഭാരം സ്വയം തന്നിലേക്കും വരുന്നു, ഈ ഭാരം തനിക്കു ബന്ധനം സൃഷ്ടിക്കുന്നു. അതിനാൽ അല്ലയോ കുട്ടികളേ, സ്വയം ജാഗ്രതയോടെയിരിക്കൂ, മറ്റുള്ളവരെ പ്രതി ഇങ്ങനെയൊരു ദിവ്യമായ സേവനവും ചെയ്യൂ. ഇതാണ് താങ്കൾ സേവാധാരി കുട്ടികളുടെ കർത്തവ്യം. ഇങ്ങനെയൊരു സേവനം ചെയ്യുന്ന കുട്ടികൾക്ക് പിന്നീട് അവനവനെ പ്രതി മറ്റൊരു സേവനവും എടുക്കേണ്ട ആവശ്യമില്ല. അഥവാ എന്തെങ്കിലും തെറ്റുകൾ സംഭവിക്കുകയാണെങ്കിൽ തന്നെ, അതിനെ തന്റെ ബുദ്ധി ബലത്തിലൂടെ സദാ കാലത്തേക്ക് തിരുത്തണം. ഇങ്ങനെ

യുള്ള തീവ്ര പുരുഷാർത്ഥികളായ കുട്ടികൾ, ചെറിയൊരു സൂചന ലഭിക്കുമ്പോൾ തന്നെ പെട്ടെന്നു തിരിച്ചറിഞ്ഞ് പരിവർത്തനപ്പെടുത്തും. നല്ല രീതിയിൽ ശ്രദ്ധ വെച്ച് മുന്നേറുകയും ചെയ്യുന്നു. ഇതാണ് വിശാലബുദ്ധി കുട്ടികളുടെ കർത്തവ്യം.
അല്ലയോ എന്റെ പ്രാണനിലും പ്രിയപ്പെട്ടവരേ, പരമാത്മാവിലൂടെ രചിക്കപ്പെട്ട ഈ അവിനാശി ഗീതാ രുദ്ര ജ്ഞാന യജ്ഞത്തിൽ തന്റെ ശരീരം, മനസ്സ്, ധനം ഇവയെ സമ്പൂർണ്ണ രീതിയിൽ സ്വാഹാ ചെയ്യുന്നതിന്റെ രഹസ്യം വളരെ സൂക്ഷ്മമാണ്. ഏതൊരു നിമിഷമാണോ താങ്കൾ തന്റെ ശരീരം, മനസ്സ്, ധനം സഹിതം യജ്ഞത്തിൽ സ്വാഹാ ചെയ്യുന്നത്, അതായത് സമർപ്പണമായി, ജീവിച്ചിരിക്കെ മരിച്ചത്, ആ നിമിഷം മുതൽക്ക് തന്റേതായി ഒന്നും തന്നെയില്ല. അതിലും ആദ്യം തന്റെ ശരീരവും മനസ്സും സമ്പൂർണ്ണ രീതിയിൽ യജ്ഞ സേവനത്തിനായി സമർപ്പിക്കണം. സർവ്വതും യജ്ഞത്തെ പ്രതി അഥവാ പരമാത്മാവിനെ പ്രതിയാണെങ്കിൽ, പിന്നീട് തനിക്കായി ഒന്നു തന്നെയില്ലല്ലോ, ധനവും വ്യർത്ഥമായി ചിലവഴിക്കരുത്. മനസ്സിലും അശുദ്ധ സങ്കല്പം അഥവാ വികല്പങ്ങൾ ഉണ്ടാകരുത്. എന്തുകൊണ്ടെന്നാൽ മനസ്സും പരമാത്മാവിൽ അർപ്പണം ചെയ്തു. പരമാത്മാവ് ശുദ്ധവും ശാന്തസ്വരൂപവുമാണ്. ഇതിലൂടെ അശുദ്ധ സങ്കല്പങ്ങൾ സ്വതവേ ശാന്തമാകുന്നു. അഥവാ മനസ്സ് മായയുടെ കൈകളിൽ നൽകുകയാണെങ്കിൽ, മായ വൈവിധ്യ രൂപത്തിൽ അനേക പ്രകാരത്തിലുള്ള വികൽപ്പങ്ങൾ ഉത്പന്നമാക്കി മനസ്സാകുന്ന കുതിരക്കുമേൽ സവാരി ചെയ്യുന്നു. അഥവാ ഏതെങ്കിലും കുട്ടികൾക്ക് ഇപ്പോഴും സങ്കല്പങ്ങൾ വികല്പങ്ങളുടെ രൂപത്തിൽ വരുന്നു എങ്കിൽ, മനസ്സിലാക്കിക്കോളൂ, ഇതുവരെയും മനസ്സ് പൂർണ്ണമായും സ്വാഹാ ആയിട്ടില്ല. അതായത് ഈശ്വരീയ മനസ്സായിട്ടില്ല. അതിനാൽ അല്ലയോ സർവ്വ ത്യാഗികളായ കുട്ടികളേ – ഈ ഗുഹ്യമായ രഹസ്യങ്ങളെ മനസ്സിലാക്കി കർമ്മം ചെയ്തുകൊണ്ടും സാക്ഷിയായി സ്വയത്തെ നോക്കി വളരെയധികം ജാഗ്രതയോടെ ജീവിക്കണം.
സ്വയം ഗോപിവല്ലഭൻ തന്റെ പ്രിയപ്പെട്ട ഗോപ–ഗോപികമാർക്ക് മനസ്സിലാക്കിത്തരുകയാണ്, നിങ്ങൾ ഓരോരുത്തരുടെയും വാസ്തവിക സത്യമായ പ്രേമം ഏതാണ്? അല്ലയോ പ്രാണനിലും പ്രിയപ്പെട്ട കുട്ടികളേ, നിങ്ങൾക്ക് മറ്റുള്ളവരുടെ പ്രേമം നിറഞ്ഞ താക്കീതുകളെ നിർദ്ദേശങ്ങളെ സ്വീകരിക്കണം, എന്തുകൊണ്ടന്നാൽ എത്രത്തോളം പ്രിയപ്പെട്ട പുഷ്പമാണോ അത്രയ്ക്കും ശ്രേഷ്ഠ പരിപാലന ലഭിക്കുന്നു. പുഷ്പത്തെ വിലപ്പെട്ടതാക്കി മാറ്റുവാൻ തോട്ടക്കാരൻ മുള്ളുകളെയെല്ലാം ഇല്ലാതാക്കുന്നതുപോലെ നിങ്ങൾക്ക് ആരെങ്കിലും മുന്നറിയിപ്പുകൾ നൽകുന്നു എങ്കിൽ മനസ്സിലാക്കണം, അവർ എന്നെ പരിപാലിക്കുകയാണ് അതായത് അവർ എന്റെ സേവനം ചെയ്യുകയാണ്. ആ സേവനത്തിന് അല്ലെങ്കിൽ ആ പരിപാലനയ്ക്ക് നമ്മൾ ആദരവ് നൽകണം, ഇതാണ് സമ്പൂർണ്ണമാകുന്നതിനുള്ള യുക്തി. ഇതാണ് ജ്ഞാന സഹിതമായ ആന്തരിക സത്യമായ സേവനം. ഈ ദിവ്യ പ്രേമത്തിൽ ഓരോരുത്തർക്കും പരസ്പരം വളരെയധികം ആദരവ് നൽകണം. ഓരോ കാര്യത്തിലും ആദ്യം സ്വയത്തിൽ ശ്രദ്ധ നൽകിക്കൊണ്ടേയിരിക്കണം. ഇതാണ് വിനയചിത്തവും അതി മധുരവുമായ അവസ്ഥ. ഇങ്ങനെ സ്നേഹപൂർവ്വം പെരുമാറുന്നതിലൂടെ നിങ്ങൾക്ക് ആന്തരീകമായി സത്യയുഗീ സുവർണ്ണ ദിനങ്ങൾ ഇവിടെത്തന്നെ അനുഭവപ്പെടുന്നു. അവിടെ ഈ പ്രേമം സ്വാഭാവികമായുണ്ടാകുന്നു. എന്നാൽ ഈ സംഗമത്തിലെ അതി മധുരമായ സമയത്ത് പരസ്പരം മറ്റുള്ളവരുടെ സേവനം ചെയ്യുന്ന ഈ അതിമധുര രമണിക പ്രേമം, ഇതു തന്നെയാണ് ശുദ്ധമായ പ്രേമമായി വിശ്വത്തിൽ പ്രഖ്യാതമാകുന്നത്.
നിങ്ങൾ ഓരോ ചൈതന്യ പുഷ്പങ്ങൾക്കും സദാ ഹർഷിതമുഖരായിരിക്കണം. എന്തുകൊണ്ടെന്നാൽ നിശ്ചയബുദ്ധിയായതിനാൽ നിങ്ങളുടെ ഓരോ ഞരമ്പുകളിലും സമ്പൂർണ്ണ ഈശ്വരീയ ബലം അടങ്ങിയിട്ടുണ്ട്. ഇങ്ങനെയുള്ള ആകർഷണ ശക്തി തന്റെ ദിവ്യ അത്ഭുതം അവശ്യം കാണിക്കും. എങ്ങനെയാണോ ചെറിയ കുട്ടികൾ നിർദോഷികളായതിനാൽ, ശുദ്ധവും പവിത്രവുമായതിനാൽ എപ്പോഴും ചിരിച്ചു കൊണ്ടിരിക്കുന്നത്. തന്റെ രമണീകമായ ചരിത്രത്തിലൂടെ സർവ്വരെയും ആകർഷിക്കുന്നത്. അതുപോലെയായിരിക്കണം, നിങ്ങൾ ഓരോരുത്തരുടെയും ഈശ്വരീയ രമണീക ജീവിതം. ഇതിനായി നിങ്ങൾ ഏതെങ്കിലുമൊക്കെ യുക്തികൾ ഉപയോഗിച്ച് തന്റെ ആസുരീയ സ്വഭാവത്തിനുമേൽ വിജയം കൈവരിക്കണം. ആരെങ്കിലും ക്രോധമാകുന്ന വികാരത്തിനു വശപ്പെട്ട് തന്റെ മുന്നിലേക്ക് വരികയാണെങ്കിൽ, അവർക്കു മുന്നിൽ ജ്ഞാനസ്വരൂപരായി കുട്ടികളെ പോലെ പുഞ്ചിരിച്ചുകൊണ്ടേയിരിക്കൂ. അപ്പോൾ അവർ സ്വതേ ശാന്തചിത്തരാകും. അതായത് വിസ്മൃതിയിൽ നിന്നും സ്മൃതി സ്വരൂപത്തിലേക്ക് വരും. അവർ അറിയാതെയാണെങ്കിൽ പോലും സൂക്ഷ്മ രീതിയിൽ അവർക്കുമേൽ വിജയം കൈവരിച്ച് അധികാരിയായിത്തീരണം. ഇതാണ് ബാലകന്റെയും അധികാരിയുടെയും സർവ്വോത്തമ ശിരോമണി വിധി.
ഈശ്വരൻ സമ്പൂർണ്ണ ജ്ഞാനസ്വരൂപത്തോടൊപ്പം തന്നെ സമ്പൂർണ്ണ പ്രേമസ്വരൂപവുമാണല്ലോ. ഈശ്വരനിൽ രണ്ടു യോഗ്യതകളും അടങ്ങിയിട്ടുണ്ട്. എന്നാൽ ആദ്യം ജ്ഞാനമാണ്, രണ്ടാമതാണ് പ്രേമം. അഥവാ ആദ്യം ജ്ഞാനസ്വരൂപരാകുന്നതിനു പകരം കേവലം പ്രേമസ്വരൂപരാകുന്നു എങ്കിൽ, ആ പ്രേമം അശുദ്ധ കണക്കിലേക്ക് കൊണ്ടുപോകുന്നു. അതിനാൽ പ്രേമത്തെ ഗുപ്തമാക്കി വെച്ച് ആദ്യം ജ്ഞാന സ്വരൂപ

രായി ഭിന്ന-ഭിന്ന രൂപങ്ങളിലുള്ള മായയുടെ മേൽ വിജയം കൈവരിച്ച് പിന്നീട് പ്രേമസ്വരൂപരായിത്തീരണം. അഥവാ ജ്ഞാനം കൂടാതെ പ്രേമത്തിലേക്കു വരികയാണെങ്കിൽ എവിടെയെങ്കിലും ചഞ്ചലപ്പെടാൻ സാധ്യതയുണ്ട്. ഏതുപോലെ ജ്ഞാനമില്ലാതെ കേവലം സാക്ഷാത്കാരം മാത്രം ലഭിക്കുകയാണെങ്കിൽ മായയിൽ കുടുങ്ങിപ്പോകുന്നത്, അതിനാലാണ് ബാബ പറയുന്നത്, സാക്ഷാത്കാരവും ഊരാക്കുടുക്കാണ്. എന്നാൽ ജ്ഞാനസ്വരൂപരായി പിന്നീട് സാക്ഷാത്കാരം ലഭിക്കുന്നു എങ്കിൽ വളരെയധികം ആനന്ദത്തിന്റെ അനുഭവമുണ്ടാകുന്നു. അതിനാൽ ആദ്യം ജ്ഞാനം പിന്നീട് സാക്ഷാത്കാരം. സാക്ഷാത്കാരത്തിൽ മുഴുകുന്നതിന്റെ അവസ്ഥയെക്കാളും ജ്ഞാനയുക്ത അവസ്ഥയാണ് അതിശ്രേഷ്ഠമായത്. അതിനാൽ അല്ലയോ കുട്ടികളേ ആദ്യം ജ്ഞാനസ്വരൂപ അവസ്ഥ എമർജ്ജ് ചെയ്യണം. ജ്ഞാനം കൂടാതെയുള്ള പ്രേമം ഈ പുരുഷാർത്ഥി ജീവിതത്തിൽ വിഘ്നം സൃഷ്ടിക്കുന്നു.
സാക്ഷി സ്ഥിതിയുടെ അവസ്ഥ അതിമധുരമാണ്, രമണീകമാണ്, സുന്ദരമാണ്. ഈ അവസ്ഥ തന്നെയാണ് ഇനി മുന്നോട്ടുള്ള ജീവിതത്തിന്റെ ആധാരവും. ആർക്കെങ്കിലും ശാരീരിക അസ്വസ്ഥതകൾ വരുമ്പോൾ, അഥവാ ആ സമയത്ത് സാക്ഷിയും സുഖസ്വരൂപവുമായ അവസ്ഥയിൽ സ്ഥിതി ചെയ്ത് കർമ്മഭോഗ് അനുഭവിക്കുകയാണെങ്കിൽ, കഴിഞ്ഞ കർമ്മക്കണക്കുകൾ പൂർത്തിയാവുകയും ചെയ്യും, ഭാവിയിലേക്കു വേണ്ടി സുഖത്തിന്റെ കണക്ക് നിർമ്മിക്കുകയും ചെയ്യും. ഈ സാക്ഷിസ്ഥിതിയുടെ സുഖസ്വരൂപ അവസ്ഥ, ഭൂതകാലത്തിലും ഭാവിയിലേക്കും സംബന്ധമുണ്ട്. അപ്പോൾ ഈ രഹസ്യത്തെ മനസ്സിലാക്കുന്നവർ ഒരിക്കലും ഇങ്ങനെ പറയില്ല, എന്റെ ഈ സുവർണ്ണ സമയം മുഴുവനും കണക്കു തീർക്കുന്നതിൽ മാത്രം പോയല്ലോ എന്ന്. ഇതാണ് സുവർണ്ണ പുരുഷാർത്ഥത്തിന്റെ സമയം. ഈ സമയത്താണ് രണ്ടു കാര്യങ്ങളും സമ്പൂർണ്ണ രീതിയിൽ പ്രാപ്തമാകുന്നത്. ഇങ്ങനെ രണ്ടു കാര്യങ്ങളും പ്രാപ്തമാക്കുന്ന തീവ്രപുരുഷാർത്ഥികൾ തന്നെയാണ് അതീന്ദ്രിയസുഖത്തിന്റെ അഥവാ ആനന്ദത്തിന്റെ അനുഭവത്തിലിരിക്കുന്നത്.
ഈ വൈവിധ്യമാർന്ന വിരാട നാടകത്തിന്റെ ഓരോ കാര്യത്തിലും നിങ്ങൾ കുട്ടികൾക്ക് സമ്പൂർണ്ണ നിശ്ചയമുണ്ടായിരിക്കണം, എന്തുകൊണ്ടെന്നാൽ ഈ പൂർവ്വ നിശ്ചിത നാടകം തീർത്തും വിശ്വസനീയമാണ്. നോക്കൂ, ഈ നാടകം ഓരോ ജീവജാലങ്ങളെക്കൊണ്ടും അവരവരുടെ പാർട്ട് പൂർണ്ണ രീതിയിൽ അഭിനയിപ്പിക്കുന്നു. അവർ തെറ്റാണ് എങ്കിലും, അവർ തെറ്റായ പാർട്ടും പൂർണ്ണ രീതിയിൽ തന്നെയാണ് അഭിനയിക്കുന്നത്. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. ശരിയും തെറ്റും രണ്ടും ഡ്രാമയുടെ പദ്ധതിയിൽ അടങ്ങിയിട്ടുണ്ട് എങ്കിൽ, ഏതെങ്കിലും കാര്യത്തിൽ സംശയം ഉണ്ടാകുന്നത് ജ്ഞാനമല്ല. എന്തുകൊണ്ടെന്നാൽ ഓരോ അഭിനേതാവും അവരവരുടെതായ പാർട്ടാണ് അഭിനയിക്കുന്നത്. എങ്ങനെയാണോ സിനിമയിൽ അനേക ഭിന്ന-ഭിന്ന നാമ രൂപധാരികളായ അഭിനേതാക്കൾ അവരവരുടെതായ പാർട്ട് അഭിനയിക്കുന്നത് കാണുമ്പോൾ ചിലരോട് വെറുപ്പും, ചിലരോട് സന്തോഷമൊന്നും തോന്നില്ലല്ലോ.... ഇത് ഒരു കളിയാണെന്ന് അറിയാം. ഇതിൽ ഓരോരുത്തർക്കും അവരവരുടേതായ നല്ലതും മോശവുമായ പാർട്ട് അടങ്ങിയിട്ടുണ്ട്. അതേപോലെ ഈ അനാദിയും അവിനാശിയുമായ സിനിമയും സാക്ഷിയായി ഏകരസ അവസ്ഥയിൽ ഹർഷിതമുഖ അവസ്ഥയിൽ കണ്ടുകൊണ്ടിരിക്കണം. കൂട്ടായ്മയിൽ ഇരിക്കുമ്പോഴും ഈ അവസ്ഥ വളരെ നല്ല രീതിയിൽ ധാരണ ചെയ്യണം. പരസ്പരം ഈശ്വരീയ രൂപത്തിൽ മറ്റുള്ളവരെ കാണണം. തിരിച്ചറിവിലൂടെ അഥവാ അനുഭൂതിയിലൂടെ ജ്ഞാനത്തെ സ്വീകരിച്ച് സർവ്വ ഈശ്വരീയ ഗുണങ്ങളും ധാരണ ചെയ്യണം. തന്റെ ലക്ഷ്യ സ്വരൂപത്തിന്റെ സ്മൃതിയിലൂടെ ശാന്ത ചിത്തരും, വിനയചിത്തരുമായി ക്ഷമ, മധുരത, ശീതളത, ഇങ്ങനെയുള്ള സർവ്വ ദൈവീക ഗുണങ്ങളും എമർജ്ജ് ചെയ്യണം.

ക്ഷമയുടെ അവസ്ഥ ധാരണ ചെയ്യുന്നതിന്റെ മുഖ്യമായ ആധാരമാണ് - വെയിറ്റ് ആന്റ് സീ. അല്ലയോ എന്റെ പ്രിയപ്പെട്ട കുട്ടികളേ, വെയിറ്റ് അർത്ഥം ക്ഷമയോടെ പ്രതീക്ഷിക്കുക, സീ അർത്ഥം കാണുക. തന്റെ ഹൃദയത്തിന്റെ ആന്തരിക തലത്തിൽ ആദ്യം ക്ഷമയുടെ ഗുണത്തെ ധാരണ ചെയ്ത്, അതിനു ശേഷം പിന്നീട് പുറമെയുള്ള ഈ വിരാട നാടകത്തെ സാക്ഷിയായി കാണൂ. ഡ്രാമയുടെ എന്തെങ്കിലും രഹസ്യം അറിയുന്ന സമയം സമീപത്തേക്ക് വരുന്നതുവരെയും ക്ഷമയോടെ പ്രതീക്ഷിക്കണം. സമയം വരുമ്പോൾ ക്ഷമയോടുകൂടി നിങ്ങൾ കാര്യങ്ങൾ അറിയുകയാണെങ്കിൽ ഒരിക്കലും ഹൃദയം ചഞ്ചലപ്പെടുകയില്ല. അതിനാൽ അല്ലയോ പുരുഷാർത്ഥികളായ പ്രിയപ്പെട്ട സന്താനങ്ങളേ, ലേശം ക്ഷമയോടെയിരിക്കൂ, ഭാവിയിലുള്ള രഹസ്യത്തെയും കണ്ടറിഞ്ഞു മുന്നേറൂ.... ഈ ക്ഷമയുടെ അവസ്ഥയിലൂടെ മുഴുവൻ കർത്തവ്യവും സമ്പൂർണ്ണ രീതിയിൽ സിദ്ധി കൈവരിക്കുന്നു. ഈ ഗുണം നിശ്ചയവുമായി ബന്ധിക്കപ്പെട്ടതാണ്.... ഇതുപോലെ നിശ്ചയബുദ്ധി സാക്ഷി ദൃഷ്ടാവായി ഓരോ കളിയും ഹർഷിതമുഖത്തോടെ കണ്ട്, ആന്തരിക ക്ഷമയോടെയും ദൃഢചിത്തരുമായും സ്ഥിതി ചെയ്യൂ. ഇതാണ് ജ്ഞാനത്തിന്റെ പരിപക്വമായ അവസ്ഥ, അന്തിമത്തിൽ സമ്പൂർണ്ണതയുടെ സമയത്തും ഇത് പ്രത്യക്ഷമായി തന്നെ കാണപ്പെടണം. അതിനായി വളരെ സമയത്തേക്ക് ഈ സാക്ഷി സ്ഥിതിയുടെ അവസ്ഥയിൽ സ്ഥിരതയോടെയിരിക്കുവാൻ പ്രയത്നിക്കണം.

എങ്ങനെയാണോ നാടകത്തിൽ അഭിനേതാക്കൾക്ക് തനിക്കു ലഭിച്ചിട്ടുള്ള പാർട്ട് പൂർണ്ണ രീതിയിൽ ശരിയായി അഭിനയിക്കുന്നതിനു വേണ്ടി മുമ്പ് തന്നെ റിഹേഴ്സൽ ചെയ്യേണ്ടതായുള്ളത്, അതുപോലെ നിങ്ങൾ പ്രിയപ്പെട്ട പുഷ്പങ്ങളായ കുട്ടികൾക്കും വരാൻ പോകുന്ന കടുത്ത പരീക്ഷണങ്ങളെ യോഗബലത്തിലൂടെ മറികടക്കുന്നതിനുവേണ്ടി, ആദ്യമേ തന്നെ തീർച്ചയായും റിഹേഴ്സൽ ചെയ്യണം. എന്നാൽ വളരെ സമയമായി നിങ്ങൾ ഈ പുരുഷാർത്ഥം ചെയ്യുന്നില്ലെങ്കിൽ, അന്തിമ പരീക്ഷയുടെ സമയത്ത് പരിഭ്രമത്താൽ തോറ്റു പോകും. അതിനായി ആദ്യം തന്റെ ഈശ്വരീയ അടിത്തറ പക്കാ ആക്കി വെച്ച് ദൈവീക ഗുണധാരിയായിത്തീരണം.
ജ്ഞാനസ്വരൂപ സ്ഥിതിയിൽ സ്ഥിതി ചെയ്യുന്നതിലൂടെ സ്വതവേ ശാന്ത സ്വരൂപമായ അവസ്ഥയുണ്ടാകുന്നു. ജ്ഞാനിതു ആത്മാക്കളായ കുട്ടികൾ ഒരുമിച്ചിരുന്ന് മുരളി കേൾക്കുമ്പോൾ നാനാവശത്തും ശാന്തിയുടെ വായുമണ്ഡലമുണ്ടാകുന്നു. എന്തുകൊണ്ടെന്നാൽ അവർ എന്ത് മഹാവാക്യങ്ങൾ കേൾക്കുകയാണെങ്കിലും അതിന്റെ ആഴത്തിലേക്ക് പോകുന്നു. ആഴങ്ങളിലേക്ക് പോകുന്നതിനാൽ ആന്തരികമായി അവർക്ക് മധുരമായ ശാന്തിയുടെ അനുഭൂതിയുണ്ടാകുന്നു. ഇതിനായി പ്രത്യേകിച്ച് ഇരുന്ന് പ്രയത്നിക്കേണ്ടതായ ആവശ്യമൊന്നുമില്ല. എന്നാൽ ജ്ഞാനയുക്ത അവസ്ഥയിൽ സ്ഥിതി ചെയ്യുന്നതിലൂടെ ഈ ഗുണം അനായാസം വരുന്നതാണ്. നിങ്ങൾ കുട്ടികൾ അതിരാവിലെ എഴുന്നേറ്റ് ഏകാന്തമായി ഇരിക്കുമ്പോൾ ശുദ്ധ വിചാരങ്ങളാകുന്ന അലകൾ ഉത്പന്നമാകുന്നു, ആ സമയത്ത് വളരെ ഉപരാമമായ അവസ്ഥയുണ്ടായിരിക്കണം. പിന്നീട് തന്റേതായ ശുദ്ധ സങ്കല്പങ്ങളിൽ സ്ഥിതി ചെയ്യുന്നതിലൂടെ അന്യ സങ്കല്പങ്ങളെല്ലാം തന്നെ സ്വതവേ ശാന്തമായിക്കോളും, മനസ്സ് ആനന്ദഭരിതമാകുന്നു. എന്തുകൊണ്ടെന്നാൽ മനസ്സിനെ വശത്താക്കുവാനും എന്തെങ്കിലും ശക്തി തീർച്ചയായും ആവശ്യമാണല്ലോ. അതിനാൽ ആദ്യം തന്റെ ലക്ഷ്യസ്വരൂപത്തിന്റെ ശുഭ സങ്കല്പങ്ങളെ ധാരണ ചെയ്യൂ. ആന്തരിക ബുദ്ധിയോഗം നിയമമനുസരിച്ചാണെങ്കിൽ സ്വതവേ നിങ്ങൾക്ക് നിർസങ്കല്പ അവസ്ഥ ഉണ്ടാകുന്നു. ശരി...

മധുര-മധുരമായ സിക്കീലധേ, ജ്ഞാന പുഷ്പങ്ങളായ കുട്ടികൾക്ക്, ജ്ഞാന നക്ഷത്രങ്ങൾക്ക്, മാതാപിതാവായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർക്കാലവന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം -

1) തന്റെ ലക്ഷ്യസ്വരൂപത്തിന്റെ സ്മൃതിയിലൂടെ ശാന്ത ചിത്തരും, വിനയചിത്തരും, ക്ഷമ, മധുരത, ശീതളത എന്നീ ദൈവീക ഗുണങ്ങളും ധാരണ ചെയ്യണം.

2) നിശ്ചയബുദ്ധിയും സാക്ഷിദൃഷ്ടാവുമായി ഈ നാടകത്തെ ഹർഷിത മുഖത്തോടെ കണ്ട്, ആന്തരികമായി ക്ഷമയോടെയും ദൃഢചിത്തരുമായും സ്ഥിതി ചെയ്യണം. വളരെയധികം സമയം സാക്ഷി സ്ഥിതിയുടെ അവസ്ഥയിൽ സ്ഥിതി ചെയ്യുവാനായി പ്രയത്നിക്കണം.

## വരദാനം - സ്നേഹത്തിന്റെയും ശക്തിസ്വരൂപത്തിന്റെയും ബാലൻസിലൂടെ സേവനം ചെയ്യുന്ന സഫലതാമൂർത്തിയായി ഭവിയ്ക്കട്ടെ.

ഒരു കണ്ണിൽ ബാബയോടുള്ള സ്നേഹവും മറുകണ്ണിൽ ബാബയിലൂടെ ലഭിച്ചിട്ടുള്ള കർത്തവ്യത്തിന്റെ (സേവനം) സ്മൃതിയും സദാ ഉണ്ടായിരിക്കുന്നതുപോലെ, സ്നേഹമൂർത്തിയോടൊപ്പം തന്നെ ശക്തിസ്വരൂപവുമായിത്തീരണം. സ്നേഹത്തോടൊപ്പം തന്നെ തന്റെ വാക്കുകളിൽ മൂർച്ചയുമുണ്ടായിരിക്കണം, ഈ വാക്കുകളിലൂടെ മറ്റുള്ളവരുടെ ഹൃദയത്തെ അലിയിപ്പിക്കണം. അമ്മ കുട്ടികൾക്ക് എങ്ങനെയുള്ള വാക്കുകൾ ഉപയോഗിച്ച് ശിക്ഷണങ്ങൾ നൽകുകയാണെങ്കിലും, അമ്മയുടെ സ്നേഹം കാരണം ആ വാക്കുകൾ കടുത്തതോ മോശമോ ആയി അനുഭവപ്പെടാത്തതുപോലെ ജ്ഞാനത്തിന്റെ സത്യമായ കാര്യങ്ങൾ, അവർക്ക് സ്പഷ്ടമായ വാക്കുകളിലൂടെ നൽകൂ. പക്ഷേ വാക്കുകളിൽ സ്നേഹം അടങ്ങിയിരിക്കുകയാണെങ്കിൽ സഫലതാമൂർത്തിയായിത്തീരുന്നു.

## സ്ലോഗൻ - സർവ്വശക്തനായ ബാബയെ തന്റെ കൂട്ടുകാരനാക്കൂ, എന്നാൽ പശ്ചാതാപത്തിൽ നിന്നും മുക്തമാകുന്നു.